Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

19.11.2024

# മോൺ. മുരിങ്ങാത്തേരി ഹെൽത്ത് കെയർ മിഷനറി അവാർഡ് ഡോ.ജോൺ സി. ഉമ്മന്

ആതുരശുശ്രൂഷ രംഗത്ത് ഏഴ് പതീറ്റാണ്ടിലധികമായി സ്തുത്യർഹമായ സേവനം ചെയ്തുവരുന്ന തൃശ്ശൂരിലെ ജൂബിലി മിഷൻ ആശുപത്രി അതിന്റെ സ്ഥാപക ഡയറക്ടറും ദീർഘകാലം നേതൃത്വം നൽകുകയും ചെയ്ത മോൺ. മാത്യു മുരിങ്ങാത്തേരിയുടെ ഓർമ്മക്കായി ഏർപ്പെടുത്തിയ ദേശി.യ തലത്തിലുള്ള ഹെൽത്ത് കെയർ മിഷനറി അവാർഡിന് ഒഡീഷ്യയിലെ ബിസ്സാംകട്ടക്ക് കേന്ദ്രമായി പ്രവർത്തിക്കുന്ന ഡോ. ജോൺ സി. ഉമ്മനെ വിദഗ്ധ സമിതി നിരവധി നോമിനേഷനുകളിൽ നിന്നും തിരഞ്ഞെടുത്തു.

തെക്കൻ ഒഡീഷ്യയിലെ ഉൾനാടൻ പ്രദേശമായ റയഗാഡ ജില്ലയിലെ ബിസ്സാംകട്ടക്ക് കേന്ദ്രീകരിച്ച് ആദിവാസികൾക്കിടയിൽ നടത്തിവരുന്ന പ്രവർത്തനങ്ങളാണ് ഡോ. ജോൺ സി. ഉമ്മനെ അവാർഡിന് അർഹനാക്കിയത്. വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ നിന്നും എം.ബി.ബി.എസ്., എം.ഡി. ബിരുദങ്ങൾ നേടിയ ഡോ. ജോൺ 1987-ൽ ഇവാഞ്ചലിക്കൽ ലൂഥറൻ സഭയുടെ സ്ഥാപനമായ ക്രിസ്ത്യൻ ഹോസ്പിറ്റലിൽ (ബിസ്സാംകട്ടക്ക്) സേവനം ആരംഭിച്ചു. സുവിശേഷ പ്രഘോഷകരായ മാതാപിതാക്കളിൽ നിന്നും ഊർജം ലഭിച്ചിട്ടുള്ള അദ്ദേഹം ആദിവാസി ഊരുകളെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി. ആരോഗ്യം, വിദ്യഭ്യാസം സാമ്പത്തിക സുരക്ഷിതത്വം എന്നിവയിൽ ഊന്നികൊണ്ട് പ്രവർത്തനം ആരംഭിച്ച 'മിത്ര' എന്ന സന്നദ്ധസംഘടനയുടെ പ്രവർത്തനങ്ങൾക്ക് ഇദ്ദേഹം നേതൃത്വം നൽകി.

ശിശുമരണം, മസ്തിഷ്കജ്വരം, മലേറിയ, പോഷകാഹാരക്കുറവ് എന്നിവകൊണ്ട് പൊറുതിമുട്ടിയ 54 ഗ്രാമങ്ങളിലായി ചിതറിക്കിടന്ന 13500-ൽ അധികം വരുന്ന ആദിവാസികളെ നേരിൽ കണ്ട് ആശ്വസിപ്പിക്കാൻ ഡോ. ജോണിന് കഴിഞ്ഞു. ശിശുമരണനിരക്ക് 201-ൽ (1995) നിന്ന് കേവലം 29-ലേക്ക്(2018) കുറച്ചുകൊണ്ടുവരുവാൻ ഈ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു. മലേറിയക്ക് എതിരെ ഒരു ജനകീയ മുന്നേറ്റം തന്നെ സംഘടിപ്പിച്ച് പ്രതിരോധത്തിലും ചികിത്സയിലും ശ്രദ്ധിച്ച് ഇക്കാലയളവിൽ 84 ശതമാനത്തിന്റെ കുറവ് വരുത്താൻ ഇവർക്ക് കഴിഞ്ഞു. മസ്തിഷ്ക്കജ്വരം ബാധിച്ചവർക്ക് ചികിത്സ ലഭ്യമല്ലാതിരുന്നതിന് ഒരു പരിഹാരമുണ്ടാക്കാനും രോഗം നിയന്ത്രിക്കുന്നതിനും 'മിത്ര'- യുടെ പ്രവർത്തനങ്ങൾ പ്രയോജനപ്പെട്ടു.

മറ്റ് 9 സന്നദ്ധ സംഘടനകളും സർക്കാർ സംവിധാനങ്ങളും കൂടിചേർന്ന് 630 ഗ്രാമങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കാനും ഇദ്ദേഹത്തിന് കഴിഞ്ഞു. സ്കൂൾ വിദ്യഭ്യാസം, പോഷകാഹാരം, നേഴ്സിങ്ങ് വിദ്യഭ്യാസം എന്നിവവഴി ഒരു പ്രദേശത്തിന്റെ സമഗ്രപുരോഗതിക്ക് മിഷനറി കാഴ്ച്ചപ്പാടിൽ പ്രവർത്തിക്കുന്നതിന് ഡോ. ജോൺ സി. ഉമ്മന് കഴിഞ്ഞിട്ടുണ്ട്. എയിഡ്സ് രോഗ നിയന്ത്രണ പരിപാടികൾക്ക് സംസ്ഥാന സർക്കാരിനെ സഹായിക്കുന്ന ഇദ്ദേഹം ആരോഗ്യപരിപാലന മേഖലയിൽ ഒരു ഉപദേഷ്ടാവായി പ്രവർത്തിക്കുന്നുണ്ട്. ഒഡീഷ്യ സർക്കാരിന്റേയും വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിന്റേയും വിവിധ പുരസ്ക്കാരങ്ങൾ നേടിയിട്ടുള്ള ഡോ. ജോൺ പത്തനംതിട്ട ജില്ലക്കാരനാണ്.

ആതുരശുശ്രൂഷ രംഗത്ത് നിസ്വാർത്ഥ സേവനത്തിന്റെ മാതൃക സ്വന്തം ജീവിതം വഴി ലോകത്തിന് കാണിച്ചുകൊടുത്ത ജൂബിലി മിഷൻ ആശുപത്രിയുടെ സ്ഥാപക ഡയറക്ടർ മോൺ. മാത്യു മുരിങ്ങാത്തേരിയുടെ സ്മരണക്കായുള്ള 2024-ലെ അവാർഡിനാണ് അറുപത്തിരണ്ടുകാരനായ മിഷനറി കാഴ്ച്ചപ്പാടിൽ പ്രവർത്തിക്കുന്ന ഡോ. ജോൺ സി. ഉമ്മൻ അർഹനായിരിക്കുന്നത്. അമ്പതിനായിരത്തിഒന്ന് രൂപയും പ്രശസ്തി പത്രവും ജനുവരി ആദ്യവാരത്തിൽ നടക്കുന്ന ചടങ്ങിൽ സമ്മാനിക്കും.